അറസ്റ്റിനും നീരവിന് 'നോ കമന്റ്സ്'

ലണ്ടൻ: പഞ്ചാബ്നാഷണൽ ബാങ്ക് തട്ടിപ്പുകേസ് പ്രതി നീരവ്മോദിയെ അറസ്റ്റുചെയ്യാൻ ലണ്ടൻ കോടതി ഉത്തരവിട്ടിട്ടും മാദ്ധ്യമങ്ങളോട് നീരവ് മൗനം തുടരുകയാണ്. അറസ്റ്റ് വാറണ്ടിനെ പറ്റിയുള്ള ചോദ്യത്തിന് 'നോ കമന്റ്സ്' എന്നായിരുന്നു നീരവിന്റെ പ്രതികരണം. നീരവിന്റെ ലണ്ടനിലെ വാടകവീടിനടുത്തുള്ള ഹോട്ടലിലാണ് വീണ്ടും മാദ്ധ്യമങ്ങൾ ഇയാളെ 'പിടികൂടിയത്.' ഇയാളുടെ അറസ്റ്റ് ഉടൻ ഉണ്ടാകുമെന്നാണ് സൂചന.

www.keralakaumudi.com www.facebook.com/keralakaumudi

യൂട്രെച്ച് ട്രാം വെടിവയ്പ്; പ്രതി അറസ്റ്റിൽ

ആംസ്റ്റർഡാം: നെതർലാൻഡ്സിലെ യൂട്രെച്ച് നഗരത്തിലെ ട്രാമിൽ ഇന്നലെ വെടിവയ്പ് നടത്തിയ 37 കാരൻ തുർക്കി സ്വദേശി ഗോക്മാൻ ടാനിസിനെ പൊലീസ് അറസ്റ്റുചെയ്തു. ആക്രമണം നടന്നതിന് മൂന്ന് കിലോമീറ്റർ മാറിയാണ് പ്രതിയെ പൊലീസ് പിടികൂടിയത്. പ്രതിയുടെ ലക്ഷ്യമെന്തെന്ന് വ്യക്തമല്ല.

തിങ്കളാഴ്ച രാവിലെ 10.45 നാണ് നെതർലാൻഡ്സിലെ യൂട്രെച്ച് നഗരത്തിലെ ട്രാമിൽ നടന്ന വെടിവയ്പിൽ മൂന്നുപേരാണ് കൊല്ലപ്പെട്ടത്. സംഭവത്തെ തുടർന്ന് ട്രാമുകളെല്ലാം സർവീസ് നിറുത്തിവയ്ക്കുകയും സ്കൂളുകൾ അടച്ചിടുകയും ചെയ്തിരുന്നു. തോക്കുമായെത്തിയ ആക്രമിജനങ്ങൾക്കുനേരെ തുരുതുരാ വെടിയുതിർക്കുകയായിരുന്നെന്ന രാജ്യാന്തരമാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഭീകരബന്ധത്തെക്കുറിച്ച് അന്വേഷിച്ചു വരികയാണെന്നും പൊലീസ് പറഞ്ഞു.

ജഡേജയുടെ ഭാര്യ ജാംനഗറിൽ ജനവിധി തേടും

ഗാന്ധിനഗർ: ക്രിക്കറ്റ് താരം രവീന്ദ്ര ജഡേജയുടെ ഭാര്യ റിവാബ ജഡേജ ഗുജറാത്തിലെ ജാംനഗർ മണ്ഡലത്തിൽ നിന്ന് മത്സരിച്ചേക്കുമെന്ന് റിപ്പോർട്ട്. അടുത്തിടെയാണ് റിവാബ ബി.ജെ.പിയിൽ ചേർന്നത്. സംസ്ഥാനത്തെ കർണിസേനയുടെ വനിതാവിഭാഗം അദ്ധ്യക്ഷയാണ് റിവാബ ജഡേജ. അതേസമയം ജാംനഗറിൽ പാട്ടീദാർ പ്രക്ഷോഭ നേതാവ് ഹാർദ്ദിക് പട്ടേലിനെ മത്സരിപ്പിക്കാനാണ് കോൺഗ്രസ് നീക്കം.

മുറിവുണക്കും ഇ- അദ്ഭുതം

മാഡിസൺ: ബാൻഡേജ് ചുറ്റിയിട്ടും മുറിവുണങ്ങുന്നില്ലല്ലോ എന്ന് ആവലാതിപെടാത്തവരുണ്ടാവില്ല. എന്നാൽ ആഴത്തിലുള്ള മുറിവുകളുണക്കാൻ ഇലക്ട്രോണിക് ബാൻഡേജ് വിദ്യയുമായെത്തിയിരിക്കുകയാണ് വിസ്കോൺസിൻ- മാഡിസൺ സർവകലാശാലയിലെ ഒരു കൂട്ടം ഗവേഷകർ. സാധാരണ മുറിവുണങ്ങുന്നതിനെക്കാൾ നാലിരട്ടി വേഗത്തിൽ ഇലക്ട്രിക് കറണ്ടുകൊണ്ട് മുറിവുണക്കാൻ ഇ-ബാൻഡേജിന് സാധിക്കും.

എലികളിലായിരുന്നു ആദ്യപരീക്ഷണം. എലികളുടെ പുറം തൊലിയിൽ മുറിവുണ്ടാക്കിയശേഷം ഇലക്ട്രോണിക് ബാൻഡേജ് ചുറ്റിവച്ച് നടത്തിയ പരീക്ഷണത്തിൽ മണിക്കൂറുകൾക്കുള്ളിലാണ് മുറിവുണങ്ങിയതെന്ന് ഗവേഷകർ കണ്ടെത്തി. ജീവികൾ ശ്വസിക്കുമ്പോൾ ശരീരത്തിലുണ്ടാകുന്ന പ്രകമ്പനം ബാൻഡേജിൽ ഘടിപ്പിച്ച മോട്ടോറിൽ ഇലക്ട്രിക് പൾസ് ഉത്പാദിപ്പിക്കും.

ഇലക്ട്രിക് പൾസിന്റെ സഹായത്തോടെ മുറിവുണക്കുന്ന ഫൈബ്രോബ്ലാസ്റ്റുകൾ കൂട്ടതൽ ഉത്പാദിപ്പിക്കപ്പെട്ട് തൊലി സ്വാഭാവിക രൂപത്തിലെത്തും.

ലോകമെമ്പാടും പ്രമേഹം പോലുള്ള രോഗങ്ങൾ കാരണം ഉണങ്ങാത്ത മുറിവുകൾ കൊണ്ട് ബുദ്ധിമുട്ടുന്നവർക്ക് ഇ- ബാൻഡേജ് ഏറെ സഹായകമാകും. ഇലക്ട്രിക്കൽ ഉത്തേജനത്തിലൂടെ മുറിവുണക്കുന്ന വിദ്യ 1960 ൽ തന്നെ കണ്ടെത്തിയിരുന്നെങ്കിലും പരീക്ഷണവിജയം കണ്ടത് ഇപ്പോഴാണ്.



കർണാടകയിൽ കെട്ടിടം തകർന്ന് രണ്ടു മരണം

ബംഗളൂരു: കർണാടകയിൽ നിർമ്മാണത്തിലിരുന്ന കെട്ടിടം തകർന്നുവീണ് രണ്ടുപേർ മരിച്ചു. നിരവധിപേർക്ക് പരിക്കേറ്റു. ധർവാഡയിലെ കുമരേശ്വർ നഗറിലാണ് അപകടമുണ്ടായത്. 15 പേരെ പരിക്കേറ്റനിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

നിരവധി ആളുകൾ കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുകയാണെന്ന് സംശയിക്കപ്പെടുന്നു. രക്ഷാപ്രവർത്തനം ആരംഭിച്ചു. കെട്ടിടത്തിനടിയിൽ 40 പേരെങ്കിലും കുടുങ്ങിക്കിടപ്പുണ്ടാകാമെന്നാണ് അധികൃതർ പറഞ്ഞു.

കഴിഞ്ഞ രണ്ടുവർഷമായിനിർമ്മാണം നടക്കുകയായിരുന്ന കെട്ടിടമാണ് തകർന്നു വീണത്. അപകടം നടക്കുമ്പോൾ മൂന്നാം നിലയിൽ പണി നടക്കുകയായിരുന്നു. ആദ്യത്തെ രണ്ടു നിലകളിലെ 60 കടകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവയായിരുന്നു.

ബംഗാളിൽ കോൺഗ്രസിനായ് കാത്തിരിക്കും
38 സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച് സി.പി.എം

കൊൽക്കത്ത: ലോക്സഭാ തിരഞ്ഞെടുപ്പിൽ 38 മണ്ഡലങ്ങളിൽ സി.പി.എമ്മിന്റെ നേതൃത്വത്തിലുള്ള ഇടതുമുന്നണി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. സഖ്യമുണ്ടാക്കുന്നത് സംബന്ധിച്ച് കോൺഗ്രസിന്റെ മറുപടിക്കായി കാത്തിരിക്കുകയാണെന്നും ഇടതുമുന്നണി ചെയർമാൻ ബിമൻ ബോസ് പറഞ്ഞു. ഇന്ന് വൈകിട്ടു വരെ കോൺഗ്രസിന്റെ മറുപടിക്കായി കാക്കുമെന്നും അതിനുശേഷം മാത്രമേ മറ്റു മണ്ഡലങ്ങളിലെ സ്ഥാനാർത്ഥി പ്രഖ്യാപനമുണ്ടാകൂവെന്നും നേതാക്കൾ അറിയിച്ചു.

"38 മണ്ഡലങ്ങളിൽഞങ്ങൾ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചുകഴിഞ്ഞു. 2014 ലോക്സഭാതിരഞ്ഞെടുപ്പിൽ കോൺഗ്രസ്ജയിച്ചമണ്ഡലങ്ങൾ ഒഴിച്ചിട്ടിരിക്കുകയാണ്. ഇന്ന് വൈകിട്ട് വരെ കോൺഗ്രസിന്റെ മറുപടിക്കായി കാത്തുനിൽക്കും. മറുപടിയില്ലെങ്കിൽ സ്വന്തം സ്ഥാനാർത്ഥികളുമായി മുന്നോട്ടു പോകും'- ബിമൻ ബോസ് പറഞ്ഞു.

ബി.ജെ.പി- തൃണമൂൽ വിരുദ്ധ ചേരിയിൽ അണിനിരക്കേണ്ടതിന്റെ ആവശ്യകത കോൺഗ്രസ് മനസിലാക്കമെന്ന് കരുതുന്നുവെന്നും അദ്ദേഹം പറഞ്ഞു.

2014 ലോക്സഭാ തിരഞ്ഞെടുപ്പിൽ സി.പി.എം വിജയിച്ച രണ്ടു മണ്ഡലങ്ങളുടക്കം 11 സീറ്റുകളിൽ കോൺഗ്രസ് കഴിഞ്ഞ ദിവസം സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചതിനു പിന്നാലെയാണ് ഇടതുപക്ഷത്തിന്റെ പുതിയനീക്കം.

കഴിഞ്ഞ ആഴ്ച 25 സീറ്റുകളിൽ സി.പി.എം സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചപ്പോൾ 17 മണ്ഡലങ്ങൾ കോൺഗ്രസിനായി നീക്കിവച്ചിരുന്നു. എന്നാൽ കോൺഗ്രസ് ഇത് നിരസിക്കുകയായിരുന്നു. 33 വർഷങ്ങൾ നീണ്ടബംഗാൾ ഭരണംകൈവിട്ടു ഇടതുപക്ഷത്തിന് ഇത്തവണത്തെ ലോക്സഭാ പോരാട്ടം നിർണായകമാണ്.

> 38 മണ്ഡലങ്ങളിൽ ഞങ്ങൾ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു കഴിഞ്ഞു. 2014 ലോക്സഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് ജയിച്ച മണ്ഡലങ്ങൾ ഒഴിച്ചിട്ടിരിക്കുകയാണ്. ഇന്ന് വൈകിട്ട് വരെ കോൺഗ്രസിന്റെ മറുപടിക്കായി കാക്കും
>
> -ഇടതു മുന്നണി ചെയർമാൻ ബിമൻ ബോസ്

മകനു പിന്നാലെ അച്ഛനും ബി.ജെ.പിയിൽ
മഹാരാഷ്ട്ര പ്രതിപക്ഷ നേതാവ് കോൺ. വിട്ടു

രാധാകൃഷ്ണ വിഖെ

മുംബയ്: ലോക്സഭാ തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന സാഹചര്യത്തിൽ മഹാരാഷ്ട്രയിൽ കോൺഗ്രസിൽ നിന്ന് കൊഴിഞ്ഞുപോക്ക് തുടരുന്നു. മഹാരാഷ്ട്ര പ്രതിപക്ഷ നേതാവ് രാധാകൃഷ്ണ വിഖെ പാട്ടീലാണ് മകൻ സുജയ് വിഖെയ്ക്കു പിന്നാലെ കോൺഗ്രസ് വിട്ടത്. രാധാകൃഷ്ണ വിഖെ ബി.ജെ.പിയിൽ ചേർന്നേക്കുമെന്നാണു സൂചന. വിഖെ പാട്ടീലിന്റെ മകൻ സുജയ് കഴിഞ്ഞ ദിവസമാണ് പാർട്ടി വിട്ട് ബി.ജെ.പിയിൽ ചേർന്നത്.

സുജയ് വിഖെ

മഹാരാഷ്ട്രയിലെ കോൺഗ്രസിന്റെ കരുത്തുറ്റ നേതാവായ രാധാകൃഷ്ണ വിഖെയുടെ പാർട്ടിമാറ്റം കോൺഗ്രസിന് ക്ഷീണമാകും. കോൺഗ്രസ്-എൻ.സി.പി സഖ്യത്തിന്റെ ഭാഗമായി അഹമ്മദ്നഗർ മണ്ഡലം എൻ.സി.പിക്ക് നൽകിയതാണ് സുജയെ ചൊടിപ്പിച്ചത്. ഇവിടെ കോൺഗ്രസ്ടിക്കറ്റിൽ മത്സരിക്കാമെന്നപ്രതീക്ഷയിലായിരുന്നു സുജയ്.

മകൻ പാർട്ടി വിടാൻ കാരണം എൻ.സി.പി അദ്ധ്യക്ഷൻ ശരദ് പവാറാണെന്ന് രാധാകൃഷ്ണ വിഖെ ആരോപിച്ചിരുന്നു. എന്നാൽ ബി.ജെ.പിയിലെത്തിയ സുജയ് വിഖെയെ അഹമ്മദ്നഗറിൽ മത്സരിപ്പിക്കണമെന്ന് പാർട്ടി നേതൃത്വത്തോട് ആവശ്യപ്പെടുമെന്ന് മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് പറഞ്ഞു.

ത്രിപുരയിൽ ബി.ജെ.പി ഉപാദ്ധ്യക്ഷൻ കോൺഗ്രസിൽ

അഗർത്തല: ത്രിപുരയിൽ ബി.ജെ.പി ഉപാദ്ധ്യക്ഷൻ സുബൽ ഭൗമിക് പാർട്ടി വിട്ട് കോൺഗ്രസിൽ ചേർന്നു. വെസ്റ്റ് ത്രിപുര ലോക്സഭാ മണ്ഡലത്തിൽ നിന്ന് കോൺഗ്രസ് ടിക്കറ്റിൽ മത്സരിക്കാനാണ് സാദ്ധ്യത. ഒഴിവാക്കാനാകാത്ത സാഹചര്യം വന്നതിനാൽ ബി.ജെ.പി വിടുകയാണെന്നും ഇന്ന് ഖുമൽവങ്ങിൽ കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധിയുടെ റാലിയിൽ തന്റെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിക്കുമെന്നും സുബൽ ഭൗമിക് പറഞ്ഞു.

ഇന്നലെ അർദ്ധരാത്രിയോടെ പി.സി.സി പ്രസിഡന്റ് പ്രദ്യോത് കിഷോർ മാണിക്യയുമായി നടന്ന ചർച്ചയിലാണ് ഭൗമിക് തീരുമാനമെടുത്തത്.

സുബൽ ഭൗമിക്

മുൻ കോൺഗ്രസുകാരൻ കൂടിയായ ഭൗമിക് സംസ്ഥാന നേതൃത്വവുമായുള്ള ഭിന്നതയെത്തുടർന്നാണ് അന്ന് പാർട്ടി വിട്ടത്. ഇത് തന്റെ കോൺഗ്രസിലെ രാഷ്ട്രീയ ജീവിതംപുതുക്കലാണെന്നും ഭൗമിക് പറഞ്ഞു. ബി.ജെ.പിയിൽ ചേരുന്നതിനുമുൻപ്പ്രാദേശിക പാർട്ടി രൂപീകരിച്ചിരുന്നു. ഭൗമിക്കിന്റെ തീരുമാനം 'വീട്ടിലേക്കു തിരിച്ചുവര്'വായികാണുന്നുവെന്ന് പി.സി.സി ജനറൽസെക്രട്ടറി ബാപ്തുചക്രബർത്തി വിശേഷിപ്പിച്ചു.

വിവിധം

ബാർ കോഴക്കേസ്: മാണിയുടെ ഹർജി ഏപ്രിൽ എട്ടിന് പരിഗണിക്കും

കൊച്ചി : ബാർ കോഴക്കേസിൽ തുടരന്വേഷണം നടത്താനുള്ള വിജിലൻസ് കോടതി ഉത്തരവ് ചോദ്യം ചെയ്ത് കെ.എം. മാണി നൽകിയ ഹർജി ഹൈക്കോടതി ഏപ്രിൽ എട്ടിന് പരിഗണിക്കാൻ മാറ്റി. തുടരന്വേഷണ ഉത്തരവും കേസിന്റെ എഫ്.ഐ.ആറും റദ്ദാക്കാനാണ് കെ.എം. മാണി ഹർജി നൽകിയത്. തിരുവനന്തപുരം വിജിലൻസ്കോടതിയുടെഇടക്കാല ഉത്തരവിൽ തനിക്കെതിരായ പരാമർശങ്ങളുണ്ടെന്നും ഇതു നീക്കണമെന്നുമുള്ളആവശ്യവുംഉന്നയിച്ചിരുന്നു. എന്നാൽ വിജിലൻസ്കോടതിഅന്തിമവിധിപുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഇടക്കാല ആവശ്യം ഉന്നയിക്കേണ്ടെന്ന് സിംഗിൾബെഞ്ച് പറഞ്ഞു. 2018 സെപ്തംബർ 18 ലെ ഇടക്കാലഉത്തരവിൽ തുടരന്വേഷണം നടത്താനും ഇതിന് സർക്കാരിന്റെ അനുമതി വാങ്ങാനുമാണ് വിജിലൻസ്കോടതി നിർദേശിച്ചത്. സർക്കാരിന്റെ അനുമതി വേണമെന്ന നിർദേശം ഹർജിക്കാരന് ഗുണകരമാണ്.

ബന്ധുവിന്റെ പിഞ്ചുകുഞ്ഞിനെ തട്ടിക്കൊണ്ടുപോയി കൊന്നയാൾ പിടിയിൽ

കഴിത്തൂറ: കടം വാങ്ങിയ പണം തിരിച്ചു നൽകിയില്ലെന്നാരോപിച്ച് ബന്ധുവിന്റെ നാലുവയസുള്ള മകനെ തട്ടിക്കൊണ്ടുപോയി വാട്ടർടാങ്കിൽ മുക്കിക്കൊന്ന യുവാവ് അറസ്റ്റിൽ. കന്യാകുമാരിക്ക് സമീപം ആരോഗ്യപുരം സ്വദേശി അന്തോണിസ്വാമിയാണ് (36) അറസ്റ്റിലായത്. ആരോഗ്യപുരം സ്വദേശി ആരോഗ്യ കെപിൻരാജ്- ശരണ്യ ദമ്പതികളുടെമകൻറെയ്നയാണ്കൊല്ലപ്പെട്ടത്. കെപിൻ രാജിന്റെ അമ്മയുടെ അടുത്തബന്ധുവാണ് അന്തോണി സ്വാമി. സംഭവ ശേഷം ഒളിവിൽപോയഇയാളെ പാലക്കാട്ട്നിന്നാണ് പിടികൂടിയത്. കന്യാകുമാരി ഡിവൈ.എസ്.പി ഭാസ്കരന്റെ നേതൃത്വത്തിൽ സ്പെഷ്യൽ സ്ക്വാഡുകൾ ഇയാൾക്കായി അന്വേഷണം ആരംഭിച്ചിരുന്നു. ഇതിനിടെ ഫോൺ ട്രാക്ക് ചെയ്തപ്പോൾ അന്തോണി സ്വാമി പാലക്കാട്ടേക്ക് പോകുകയാണെന്ന് വിവരം ലഭിച്ചു. തുടർന്ന് റെയിൽവേ പൊലീസിന്റെ സഹായത്തോടെ ടെയിനിൽ നിന്ന് പിടികൂടി കന്യാകുമാരിയിലെത്തിച്ചു. ചോദ്യം ചെയ്യലിൽ പ്രതി കുറ്റസമ്മതിച്ചു. കെപിൻരാജ് കടം വാങ്ങിയ ഒരു ലക്ഷം രൂപയിൽ 58,000 രൂപ തിരികെ നൽകിയില്ലെന്നും ഇതേത്തുടർന്നാണ് കുട്ടിയെ തട്ടിക്കൊണ്ട്പോയതെന്നും അന്തോണിസ്വാമിപൊലീസിനോട് പറഞ്ഞു. 17 ന് കുട്ടി വീടിന്റെ മുറ്റത്ത്കളിച്ചുകൊണ്ടിരിക്കുന്നതിനിടെയാണ് അന്തോണിസ്വാമി കുട്ടിയെബൈക്കിൽതട്ടിക്കൊണ്ടുപോയത്. തുടർന്ന്ശരണ്യയെഫോണിൽ വിളിച്ച് കുട്ടി തന്റെ പക്കലുണ്ടെന്നും ബാക്കി പണം തന്നാലെ തിരിച്ചയയ്ക്കൂ എന്നും പറഞ്ഞു. എന്നാൽ ബന്ധുക്കൾ പൊലീസിൽ പരാതി നൽകിയതോടെ കുട്ടിയെ വീടിന് സമീപത്തെ മണക്കുടിയിലുള്ള തെങ്ങിൻതോപ്പിലെ വാട്ടർടാങ്കിൽ മുക്കിക്കൊന്ന ശേഷം ടെയിനിൽ പാലക്കാട്ടേക്ക് പോയെന്നും അന്തോണി സ്വാമി പൊലീസിനോട് പറഞ്ഞു.

അന്തോണി സ്വാമി

മുനമ്പം മനുഷ്യക്കടത്ത് : യോഗം ഇന്ന്

കൊച്ചി : മുനമ്പം മനുഷ്യക്കടത്തു കേസിൽ ഡി.ജി.പി തിരുവനന്തപുരത്ത് ഇന്ന് യോഗം വിളിച്ചു ചേർത്തിട്ടുണ്ടെന്നും കൊച്ചി റേഞ്ച് ഐ.ജി, റൂറൽ എസ്.പി തുടങ്ങിയവർ പങ്കെടുക്കുമെന്നും സർക്കാർ അഭിഭാഷകൻ ഹൈക്കോടതിയിൽ അറിയിച്ചു.

മനുഷ്യക്കടത്ത് കേസിലെ മൂന്നാംപ്രതി ഡൽഹിസ്വദേശി രവി, ഏഴാംപ്രതി തിരുവനന്തപുരം വെങ്ങാനൂർ സ്വദേശി അനിൽകുമാർ എന്നിവർ നൽകിയ ജാമ്യാപേക്ഷകൾ ഇതേത്തുടർന്ന് വെള്ളിയാഴ്ച പരിഗണിക്കാനായി മാറ്റി.

ജനുവരി 12 ന് മുനമ്പം മാല്യങ്കര ബോട്ടുജെട്ടിയിൽ നിന്ന് ഒരു ബോട്ടിൽ സ്ത്രീകളും കുട്ടികളുമടക്കം 87 പേർ വിദേശത്തേക്ക് കടന്നെന്നാണ് കേസ്.

സഭാതർക്കം: വരിക്കോലി പള്ളിയിൽ തർക്കത്തിനൊടുവിൽ സംസ്കാരം

കോലഞ്ചേരി : പുത്തൻകുരിശിനടുത്ത് വരിക്കോലി പള്ളിയിൽ യാക്കോബായാ വിശ്വാസിയുടെ മൃതദേഹം സംസ്കരിക്കുന്നതിനെ ചൊല്ലി തർക്കം. സംസ്കാരം നടത്താതെ മൃതദേഹം തിരികെ കൊണ്ടു പോയി.

പിന്നീട് ഒത്തു തീർപ്പുണ്ടാക്കി വൈദികരുടെ സാന്നിദ്ധ്യമില്ലാതെ സംസ്കരിച്ചു. വരിക്കോലി പാലത്തടത്തിൽ സാറാമ്മയുടെ (42) മൃതദേഹം സംസ്കരിക്കുന്നതിനെ ചൊല്ലിയാണ് തർക്കമുണ്ടായത്.

സുപ്രീം കോടതി വിധിയെ തുടർന്ന് ഓർത്തഡോക്സ് പക്ഷത്തിന്റെ നിയന്ത്രണത്തിലാണ് വരിക്കോലി സെന്റ് മേരീസ് പള്ളി. വിധിക്ക് ശേഷം യാക്കോബായ വിശ്വാസികളുടെ മൃതദേഹം അവരുടെ വൈദികരുടെ സാന്നിദ്ധ്യമില്ലാതെയാണ് സെമിത്തേരിയിൽ അടക്കിയിരുന്നത്.

എന്നാൽ കഴിഞ്ഞ ദിവസം വരിക്കോലി, കട്ടച്ചിറ പള്ളികളുടെ കേസുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച വിധിയിൽ വിശ്വാസികൾക്ക് മാന്യമായ സംസ്കാരവും വൈദികരുടെ സാന്നിദ്ധ്യവും ഉറപ്പാക്കിയിട്ടുണ്ടെന്നാണ് യാക്കോബായ വിഭാഗക്കാരുടെ വാദം.

ഇക്കാര്യം ചൂണ്ടിക്കാട്ടി യാക്കോബായാ വൈദികരും വിശ്വാസികളും മൃതദേഹത്തെ അനുഗമിച്ച് സെമിത്തേരിയിൽ പ്രവേശിക്കാൻപള്ളി കവാടത്തിലെത്തി. എന്നാൽ ഇത് സുപ്രീം കോടതി വിധിയുടെ ലംഘനമാണെന്നും വൈദികരെ പ്രവേശിക്കാൻ അനുവദിക്കില്ലെന്നും ചൂണ്ടിക്കാട്ടി ഓർത്തഡോക്സ് വിഭാഗം രംഗത്തെത്തി.

പൊലീസ് യാക്കോബായ വിഭാഗത്തെ തടഞ്ഞു. മൃതദേഹം സംസ്കരിക്കാതെ തിരികെ കൊണ്ടു പോയെങ്കിലും ഏറെ നേരത്തെ വാദ പ്രതിവാദങ്ങൾക്ക് ശേഷം വരിക്കോലി പള്ളിയിൽ തന്നെ സംസ്കാരം നടത്തി.

KERALA KAUMUDI classifieds
കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

ബാങ്ക് സ്വർണ്ണം
കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത്വിൽക്കാൻസഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
9746811196, 9847301158
രാധികാ ജ്വല്ലറി

പണയ സ്വർണ്ണം
കമ്മീഷനില്ലാതെ ബാങ്കിലെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാജില്ലകളിലും എക്സിക്യൂട്ടീവുകൾ.
98 95 92 40 17
ശ്രീനാരായണ ജ്വല്ലറി

CHANGE OF NAME
I, REMYA RAJ D/o Mini. S.R. and P.K. Raja Kumar holder of Passport No. G9253218 dated 10.07.2008 issued at Trivandrum intend to declare that I have changed my name REMYA RAJ.M.

ആവശ്യമുണ്ട്
തിരുവനന്തപുരം, വെഞ്ഞാറമൂട്, ആറ്റിങ്ങൽ, വർക്കല : റിസപ്ഷനിസ്റ്റ്, അക്കൗണ്ടന്റ്, മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്, ഡെലിവറി ബോയ്സ്, ബേക്കറി സ്റ്റാഫ്, സെയിൽസ്ഗേൾ, കംപ്യൂട്ടർ പരിജ്ഞാനമുള്ളവർ.
Ph: 8304803445

മലേഷ്യ - നാഷേടൂർസ്
ഏപ്രിൽ 5 തിരുവനന്തപുരത്തുനിന്ന് പുറപ്പെടുന്നു. KL Tower, Aquarium, Gentle Highland, Light show and more. ഉടൻ വിളിക്കൂ.
7025155699, 8606101744

OLD AGE HOME
ശാന്തമായ വിശ്രമജീവിതം രോഗികൾക്ക്, സാന്ത്വന പരിചരണം, കൃത്യസമയത്ത് പോഷകാഹാരവും മരുന്നും.
കൃപാലയം കെയർ ഹോം
തിരുവനന്തപുരം
9020671234, 9447741234.

നോട്ടീസ്
മാർച്ച് 2002 വർഷത്തെ 100890 രജിസ്റ്റർ നമ്പറിലുള്ള എന്റെ SSLC ബുക്കും മാർച്ച് 2004 വർഷത്തെ 1000541, മാർച്ച് 2006 വർഷത്തെ 2000422 രജിസ്റ്റർ നമ്പറിലുള്ള എന്റെ പ്ലസ്ടു സർട്ടിഫിക്കറ്റും വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാകമ്മീഷണറുടെ സെക്രട്ടറി മുൻപാകെയും, ബോർഡ് ഒഫ് ഹയർ സെക്കൻഡറി എക്സാമിനേഷൻ സെക്രട്ടറി മുൻപാകെയും നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം യഥാക്രമം സെക്രട്ടറി, ബോർഡ് ഒഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം, സെക്രട്ടറി, ബോർഡ് ഒഫ് ഹയർ സെക്കൻഡറി എക്സാമിനേഷൻ, തിരുവനന്തപുരം എന്നീ വിലാസങ്ങളിൽ രേഖാമൂലം പരാതി നല്കേണ്ടതാണ്. Rehana. R., Vilayilveedu, Kailathukonam, Kurakkada P.O.

ചികിത്സ
ത്വക്രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289, 2326569.

WANTED
For a leading advertising company Marketing Officers: (Pleasing personality Sales Generation Excellent Communication and Interpersonal skills. 3 Years Experience In any marketing or tele business)
Contact: 8129483636

അർജന്റായി ആവശ്യമുണ്ട്
നാലും എട്ടും വയസ്സുള്ള കുഞ്ഞുങ്ങളെ നോക്കുന്നതിനും പാചകത്തിനുമായി പാസ്പോർട്ടുള്ള ബാധ്യതകളില്ലാത്ത ഒരു വനിതയെ ആവശ്യമുണ്ട്.
9995669269
0471 - 2740932

തൊഴിലവസരം
മെർച്ചന്റ് നേവിയിൽ സുവർണ്ണാവസരം. ശമ്പളം : 25000/- - 40,000/-. യോഗ്യത : 10th, 12th, ഡിഗ്രി. പ്രായം : 18-27. ഇമെയിൽ : siddhivinayak782@gmail.com
മൊബൈൽ : 9636264559

നഷ്ടപ്പെട്ടു
എന്റെ KL16-V-523-ാം നമ്പർ കാറിന്റെ ആർ.സി. ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് ബുക്ക് എടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ 15 ദിവസത്തിനകം Attingal ആർ.ടി. ഓഫീസിൽ ബോധിപ്പിക്കേണ്ടതാണ്.
Nizamudeen

നഷ്ടപ്പെട്ടു
എന്റെ P0953201 എന്ന പാസ്പോർട്ട് വെടുതുറയ്ക്കും പെരുമാതുറയ്ക്കും ഇടയ്ക്ക് യാത്രാമദ്ധ്യേ നഷ്ടപ്പെട്ടു. ഇതിന്റെ ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിന് പരാതിയുള്ളവർ 15 ദിവസത്തിനകം പാസ്പോർട്ട് ഓഫീസുമായോ താഴെപറയുന്ന ഫോൺ നമ്പറുമായോ ബന്ധപ്പെടുക.
Jasmin Lawrance, KP 19/055, House No. 44, Marianad, Puthukuricy P.O., Trivandrum.
Ph: 8129833134

FOR SALE
Audi Q3 2.0 TDI QUATTRO, Diesel, Aug/2012, black colour, done 39000 Kms.
Contact: 9745234949

നഷ്ടപ്പെട്ടു
എന്റെ പാസ്പോർട്ട് (നമ്പർ : H 5210473) പുത്തൻതോപ്പിനും പുതുകുറിച്ചിക്കും ഇടയിൽ യാത്രയ്ക്കിടെ നഷ്ടപ്പെട്ടു. ഇതിന്റെ ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിന് പരാതിയുള്ളവർ 15 ദിവസത്തിനകം പാസ്പോർട്ട് ഓഫീസിലോ താഴെപറയ